ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ടൂറിസം വകുപ്പ് പദ്ധതികളൊന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല. ആലപ്പുഴ ജില്ലയുടെ സമഗ്ര വികസനത്തിനായി ഇപ്പോൾ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിവരികയാണ്.

(ഡി) ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി യോജിച്ച് ഈ പദ്ധതികൾ തയ്യാറാക്കുന്ന ശ്രമത്തിലാണ്.

വടശ്ശേരിക്കരയിലെ ഡി.ടി.പി.സി. കെട്ടിട നിർമ്മാണത്തിലെ അപാകതകൾ

105 [3252] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടശ്ശേരിക്കരയിൽ പത്തനംതിട്ട ഡി.ടി.പി.സി. എന്നാണ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത്;

(ബി) കെട്ടിടത്തിന്റെ സൂപ്പർവിഷനും നിർമ്മാണവും ആരാണ് നിർവ്വഹിച്ചത്;

(സി) കെട്ടിടത്തിന്റെ ഭിത്തികളിൽ വലിയ വിടവുകൾ വീണിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) നിർമ്മാണത്തിലെ അപാകതകൾ കണ്ടുപിടിക്കാനും നടപടികൾ സ്വീകരിക്കാനും എന്തൊക്കെ നിയമസംവിധാനങ്ങളാണ് നിലവിലുള്ളത്;

(ഇ) എങ്കിൽ ഈ നിർമ്മാണത്തിലെ അപാകതകൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 14-12-2001-ൽ.

(ബി) കെട്ടിടത്തിന്റെ നേരിട്ടുള്ള സൂപ്പർവിഷൻ പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും, ഡി.ടി.പി.സി. നിയോഗിച്ച റിട്ടയേർഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുമാണ് നിർവ്വഹിച്ചിട്ടുള്ളത്. ശ്രീ. ജോസ് ജേക്കബ്, ശ്രീ. ടി. ആർ. സുനിൽ കുമാർ എന്നീ രണ്ടു കരാറുകാരാണ് നിർമ്മാണം നിർവ്വഹിച്ചിട്ടുള്ളത്.

(സി) കെട്ടിടത്തിന്റെ ഭിത്തിയിൽ കാണുന്ന ഉപരിതല വിള്ളലുകൾ താപവ്യതിയാനം മൂലമുണ്ടാകുന്നവ മാത്രമാണ്. ആയത് പരിഹരിച്ചിട്ടുണ്ട്.

(ഡി) നിർമ്മാണത്തിലെ അപാകതകൾ ബന്ധപ്പെട്ട വിദഗ്ദ്ധ സർക്കാർ ഏജൻസികളെക്കൊണ്ട് അന്വേഷിപ്പിക്കാനും നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിക്കാനും വ്യവസ്ഥകൾ നിലവിലുണ്ട്.

(ഇ) ബിൽഡിംഗ്സ് വിഭാഗം ചീഫ് എൻജിനീയറോട് ഇക്കാര്യം അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly